Rc3/482/18/LSGD

## പതിനാലാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. **3572** — **11/12/2018 ൽ** മറുപടിക്ക്

## സിരിജഗൻ കമ്മിറ്റി നിർദ്ദേശങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.വി.പി.സജീന്ദ്രൻ** | **എ.സി.മൊയ്തീൻ (തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി)** |

| | | |
|---|---|---|
| **എ** | ആനിമൽ ബെർത്ത് കൺട്രോൾ (എ.ബി.സി.) പദ്ധതിയുടെ പ്രവർത്തനം പൂർണ്ണമായും നിലച്ചിട്ടുണ്ടോ; | **എ)** സംസ്ഥാനത്ത് എ.ബി.സി പ്രോഗ്രാം കാര്യക്ഷമമായി നടപ്പിലാക്കി വരുന്നു. |
| **ബി** | സിരിജഗൻ കമ്മിറ്റിയുടെ നിർദ്ദേശം നടപ്പിലാക്കാൻ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ? | **ബി)** ജസ്റ്റിസ്(റിട്ട.)സിരിജഗൻ കമ്മിറ്റി, തെരുവുനായകളുടെ ആക്രമണത്തിന് വിധേയരായവർക്ക് നിശ്ചയിക്കുന്ന നഷ്ടപരിഹാരം, അതേപടി നൽകാനാണ് ബഹു.സുപ്രീംകോടതി 16.7.2018 ൽ റിട്ട് പെറ്റീഷൻ നം.599/2015 (CCNo.944/2017) ൽ ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളത്. ടി കോടതി ഉത്തരവ് പാലിച്ചുകൊണ്ട് ജസ്റ്റിസ്(റിട്ട.)സിരിജഗൻ കമ്മിറ്റിയുടെ 1 മുതൽ 16 വരെയുള്ള റിപ്പോർട്ടുകളിൽ ഉൾപ്പെട്ടിട്ടുള്ളവർക്ക് നഷ്ടപരിഹാരം നൽകിയിട്ടുണ്ട്. കമ്മിറ്റിയുടെ 17-ാം മത്തെ റിപ്പോർട്ടിൽ ഉൾപ്പെട്ടിട്ടുള്ള എല്ലാവർക്കും നഷ്ടപരിഹാരം നൽകാൻ ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകിക്കൊണ്ട് സർക്കാർ 14.11.2018 ൽ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നഷ്ടപരിഹാരം നൽകി വരുന്നു. |

സെക്ഷൻ ഓഫീസർ